# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 237 06.01.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സോളാർ തട്ടിപ്പുകേസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.കെ.ദാസൻ<br>ശ്രീ.പി.റ്റി.എ.റഹീം | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സോളാർ തട്ടിപ്പുകേസ്സിലെ പ്രതികൾക്ക് സംസ്ഥാന മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധമുണ്ടെന്ന വിവരം പോലീസന്വേഷണത്തിൽ വെളിപ്പെട്ടിരുന്നുവോ; എങ്കിൽ ഇക്കാര്യം മുഖ്യമന്ത്രിയെ അറിയിക്കുകയുണ്ടായോ; എങ്കിൽ, എപ്പോൾ, വിവരം അറിഞ്ഞയുടൻ അവരെ മാറ്റിനിർത്താൻ മുഖ്യമന്ത്രി നടപടി സ്വീകരിക്കുകയുണ്ടായോ;<br><br>(ബി) തട്ടിപ്പിനിരയായ പ്രവാസി ശ്രീ.ടി.സി മാത്യു മുഖ്യമന്ത്രിയെ നേരിൽകണ്ട് പരാതി പറയുകയുണ്ടായോ; എങ്കിൽ എപ്പോൾ<br><br>(സി) മുഖ്യമന്ത്രിയും ശ്രീ.മാത്യുവും തമ്മിലുള്ള സംഭാഷണവിവരം ശ്രീമതി.സരിത അറിഞ്ഞതെങ്ങനെയാണെന്ന് പോലീസ് അന്വേഷിക്കുകയുണ്ടായോ; മുഖ്യമന്ത്രിക്ക് ശ്രീ.ടി.സി.മാത്യു എഴുതിനൽകിയ പരാതിയിന്മേൽ മുഖ്യമന്ത്രി സ്വീകരിച്ച് നടപടി എന്തായിരുന്നു; വിശദമാക്കുമോ?<br><br>(ഡി) തട്ടിപ്പിനിരയായ ശ്രീ.ശ്രീധരൻ നായർ ശ്രീമതി.സരിതയോടൊപ്പവും അല്ലാതെയും എത്ര തവണ എവിടെയെല്ലാം വെച്ച് മുഖ്യമന്ത്രിയെ നേരിട്ടും സ്റ്റാഫംഗങ്ങൾ വഴിയും ബന്ധപ്പെടുകയുണ്ടായി;<br><br>(ഇ) ശ്രീ.ബിജു രാധാകൃഷ്ണനുമായി മുഖ്യമന്ത്രി എറണാകുളം ഗസ്റ്റ് ഹൗസിൽ വെച്ച് ചർച്ച നടത്തുകയുണ്ടായോ; ചർച്ച നടത്തിയത് ഏതു വിഷയമായിരുന്നുവെന്ന് അന്വേഷണസംഘം പരിശോധിച്ചിട്ടുണ്ടോ;<br><br>(എഫ്) അന്വേഷണസംഘം അന്വേഷണഘട്ടങ്ങളിൽ ലഭിച്ച വിവരങ്ങളിൽ മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട സംഗതികളെക്കുറിച്ച് അദ്ദേഹത്തെ നേരിൽക്കണ്ട് ആശയവിനിമയം നടത്തുകയുണ്ടായോ എന്ന വിശദമാക്കുമോ? | (എ), (ബി), (സി), (ഡി), (ഇ) & (എഫ്) ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ അധിക വിവരം നൽകാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ